## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1424

14.06.2013 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) ന്യൂനപക്ഷക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ന്യൂനപക്ഷ ക്ഷേമത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു. |

- മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി - പെൻഷൻ പദ്ധതി പലിശ രഹിതമാക്കി പുനരാവിഷ്കരിച്ചു.
- മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്-' സി എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് ' എന്ന് നാമകരണം ചെയ്തു, നടപടിക്രമം ലഘൂകരിച്ചു. ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള വാർഷിക വരുമാനം 4.5 ലക്ഷം രൂപയായി ഉയർത്തി.
- മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കാൻ അനുമതി നൽകി.
- നിർദ്ധന വിദ്യാർത്ഥികൾക്ക് സൗജന്യ പഠന മേശ- കസേര വിതരണം നടത്തി.
- തീരദേശത്തെ സർക്കാർ സ്കൂളുകളിൽ പെൺകുട്ടികൾക്കായുള്ള ആരോഗ്യ ശുചിത്വ സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു.
- ന്യൂനപക്ഷ സർട്ടിഫിക്കറ്റ്, പ്രീറിക്രൂട്ട്മെന്റ് ട്രെയിനിംഗ് എന്നിവ നടപ്പിലാക്കി.
- സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവ രൂപീകരിച്ചു. ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചു.
- എല്ലാ പഞ്ചായത്തുകളിലും പ്രമോട്ടർമാരെ നിയമിച്ചു.

- ന്യൂനപക്ഷ വനിതകളെ ശാക്തീകരിക്കുന്നതിനായി വനിതാസ്വയംസഹായ സംഘങ്ങൾക്ക് ധന സഹായം നൽകി.
- ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 'പാസ് വേഡ്' എന്ന പേരിൽ ദ്വിദിന സൗജന്യ വ്യക്തിത്വ വികസന ക്യാമ്പ്- ജില്ലാതലങ്ങളിൽ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| ബി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഉയർന്ന മത്സര പരീക്ഷകളിൽ വിജയം നേടാൻ ദീർഘകാല പരിശീലന പദ്ധതികൾ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) പി.എസ്.സി, യു.പി.എസ്.സി, ബി.എസ്.ആർ.ബി, യു.ജി.സി മുതലായ മത്സരപ്പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി നിലവിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ